ശ്രീ. എം.കെ. രാഘവൻ: ഞാൻ അതു നേരത്തെ പറഞ്ഞു. സാധാരണയായി ഇത്രയേറെ നീണ്ടുപോകുന്നത് തൊഴിലാളികൾക്കും മുതലാളിമാർക്കുംവേണ്ടി ഹാജരാകുന്ന വക്കീലൻമാരുടെ അപേക്ഷ അനുസരിച്ചാണ്. അങ്ങനെ വരാതിരിക്കണമെങ്കിൽ പണ്ടുണ്ടായിരുന്ന സമ്പ്രദായം സ്വീകരിക്കേണ്ടിവരും. മിക്കവാറും തൊഴിലാളികൾക്കുവേണ്ടി ഹാജരാകുന്ന തൊഴിലാളി നേതാക്കൻമാരായ നാം വക്കീലൻമാരെ ഏൽപ്പിക്കുകയും അവർ നീട്ടിക്കൊണ്ടുപോവുകയുമാണ് ചെയ്യുന്നത്. ഗവൺമെൻറിനു സ്വീകരിക്കാവുന്ന എല്ലാ നടപടിയും സ്വീകരിക്കാവുന്നതാണ്.

ശ്രീ. ആർ.എസ്. ഉണ്ണി: കഴിയുന്നിടത്തോളം കാലതാമസം കുറയ്ക്കാൻ ഡെപ്യൂട്ടി ലേബർ ഓഫീസറും ഡിസ്ട്രിക്ടു ലേബർ ഓഫീസറും താൽപ്പര്യപൂർവ്വം കൺസിലിയേഷൻ നടപടികളിൽ പങ്കെടുക്കുകയും തൊഴിൽത്തർക്കങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് പുനഃസംവിധാനം ചെയ്യാനും അതു കൂടുതൽ ഇഫക്ടീവ് ആക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സ്വീകരിക്കാം.

ശ്രീ. ജി.പി. മംഗലത്തുമഠം: തൊഴിലാളി നേതാക്കൻമാർ തൊഴിൽ വകുപ്പ് മന്ത്രിമാരായി വന്നിട്ടുപോലും കേരളത്തിൽ 3781 കേസുകൾ പെൻറിംഗായി കിടക്കുന്നു. ഇതൊന്നു വേഗം തീർക്കാൻ പുത്തനായ വല്ല പരിപാടിയും ആവിഷ്കരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: പുതുതായി ഒരു പദ്ധതി ആവശ്യമില്ല. ഉള്ള പദ്ധതികൾതന്നെവച്ചുകൊണ്ട് കാര്യക്ഷമമായി ഇതു പ്രാവർത്തികമാക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം. ഇതു കാര്യക്ഷമമായി പ്രവർത്തിപ്പിക്കാതിരുന്നു തുരുമ്പു പിടിച്ചു പോയതിൻെറ ഫലമായി ഇങ്ങനെ വന്നതാണ്. ശരിയായി പ്രവർത്തിച്ചാൽ ഇന്നുള്ള ബുദ്ധിമുട്ടുകൾക്ക് കുറെ കുറവു വരും; ഇത്രയേറെ കേസുകൾ വരികയില്ലെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. സി.എ. കുര്യൻ: തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ ഉടമകൾ ഇലക്ട്രിഫൈ ചെയ്യുന്നകാര്യം പ്ലാൻേറഷൻ ലേബർ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് ഗവൺമെൻറ് പ്രഖ്യാപനം ചെയ്തിരുന്നു. അതനുസരിച്ച് അടിയന്തിരമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല.

ഇലക്ട്രോണിക് വാച്ച് നിർമ്മിക്കുവാൻ ലൈസൻസ്

* 780 [850] ശ്രീ. കെ.ടി. കുമാരൻ:

,, എം.കെ. കേശവൻ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റേറററ് ഇലക്ട്രോണിക് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഇലക്ട്രോണിക്സ് വാച്ച് നിർമ്മിക്കുവാൻ ലൈസൻസിനു അപേക്ഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലൈസൻസ് കിട്ടിയോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കിട്ടിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അപേക്ഷ കേന്ദ്രഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എം.കെ. കേശവൻ: ഒരു പൊതുമേഖലാസ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷന് ഇലക്ട്രോണിക് വാച്ചുകൾ നിർമ്മിക്കാൻ അനുവാദം തരാതിരിക്കാൻ കേന്ദ്രഗവൺമെന്റ് പറയുന്ന ന്യായമെന്താണ്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഇപ്പോഴും അതു കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. ആദ്യഘട്ടത്തിൽ അപേക്ഷ അയച്ചപ്പോഴും അഞ്ചുലക്ഷം ഡിജിറ്റൽ ഇലക്ട്രോണിക് വാച്ചുകൾ നിർമ്മിക്കാനുള്ള അപേക്ഷയാണ് കൊടുത്തിരുന്നത്. അന്ന് കേന്ദ്രത്തിന്റെ പോളിസി 100 ശതമാനവും എക്സ്പോർട്ട് ഓബ്ലിഗേഷൻ ഉണ്ടെങ്കിൽമാത്രമേ ഇതു പരിഗണിക്കാൻ കഴിയുകയുള്ളു എന്നായിരുന്നു. പിന്നീട് പല ഘട്ടങ്ങളായി ഉള്ള ചർച്ചകൾക്കുശേഷം ഇപ്പോഴും അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. വി.കെ. രാജൻ: ഇലക്ട്രോണിക് കോർപ്പറേഷൻ ലൈസൻസിന് അപേക്ഷ സമർപ്പിച്ചശേഷം സ്വകാര്യവ്യക്തികൾക്കാർക്കെങ്കിലും കേന്ദ്രഗവൺമെന്റ് അനുമതി കൊടുത്തിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇലക്ട്രോണിക് വാച്ചുകൾ ഇപ്പോൾ നമ്മുടെ നാട്ടിൽ ഉപയോഗത്തിൽവന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 100 ശതമാനവും എക്സ്പോർട്ട് ഓബ്ലിഗേഷൻ ഉണ്ടായിരിക്കണമെന്നു പറഞ്ഞതായി പറഞ്ഞല്ലോ. നാട്ടിൽ ആരും വാച്ച് വാങ്ങിക്കൂടാ, വിറ്റുകൂടാ എന്നുള്ള പോളിസി പുനഃപരിശോധിക്കുന്നതിനു കേന്ദ്രത്തോടാവശ്യപ്പെടുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: പുനഃപരിശോധിച്ചതുകൊണ്ടാണെന്നു തോന്നുന്നു അനുകൂലമായ ഒരു പൊസിഷൻ ഉണ്ടാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം.വി. രാഘവൻ: ഇലക്ട്രോണിക് വാച്ചുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഇലക്ട്രോണിക് കോർപ്പറേഷനാണോ ലൈസൻസിനപേക്ഷിച്ചിട്ടുള്ളത്; അതോ സബ്സിഡിയറി കമ്പനികളാണോ? ഇവിടെ കറക്കുകമ്പനികളും പലതുമുണ്ടല്ലോ. അനുവാദം ചോദിച്ചിട്ടുള്ള കമ്പനികൾക്ക് അതിനുള്ള സാമ്പത്തിക കഴിവുണ്ടോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: സാമ്പത്തിക കഴിവിന്റെ പ്രശ്നം ഉദിക്കുന്നില്ല. കിട്ടുകയാണെങ്കിൽ അതുനടത്താനുള്ള കഴിവുണ്ട്. ഇലക്ട്രോണിക് കോർപ്പറേഷനാണ് ലൈസൻസ് ആവശ്യപ്പെട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർകോഡ് പ്രദേശത്ത് ഒരു ഇലക്ട്രോണിക് വാച്ചുകമ്പനി ആരംഭിക്കാൻ പോകുന്നതായി പത്രവാർത്ത കണ്ടു. അക്കാര്യമാണോ ഇപ്പോഴം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്? ആണെങ്കിൽ അക്കാര്യം എന്തായി?

ശ്രീ. പി.എസ്. ശ്രീനിവാസൻ: കാസർകോഡ് ഫാക്ടറിക്ക് തടസ്സമൊന്നുമില്ല. എച്ച്.എം.ടി. യുടെ സഹായത്തോടുകൂടി ഒരു വാച്ചു നിർമ്മാണ ഫാക്ടറി അവിടെ സ്ഥാപിച്ചുനടപ്പിലാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി.ജെ. ജോസഫ്: വാച്ചുനിർമ്മാണത്തിൽ വളരെയേറെ പുരോഗമിച്ചിട്ടുള്ള സ്വിറ്റ്സർലണ്ടിൽ വാച്ചുനിർമ്മാണം ചെറുകിട വ്യവസായമായും കുടിൽവ്യവസായമായും നടത്തുകയാണ്. അതുപോലെ കേരളത്തിലും ചെറിയതോതിൽ കുടിൽവ്യവസായവും ചെറുകിട വ്യവസായവുമായി നടത്താൻവേണ്ടി ഒരു പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനു ശ്രമിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഇപ്പോഴം അങ്ങനെയൊരു സ്കീം തയ്യാറാക്കിയിട്ടില്ല.

ശ്രീ. ഇ.പി. ഗോപാലൻ: ഇലക്ട്രോണിക് വാച്ചുകളുണ്ടാക്കാനുള്ള ലൈസൻസിനുവേണ്ടി അപേക്ഷ അയക്കുകയാണോ ചെയ്തത്? ഗവൺമെൻറ് തലത്തിലും മന്ത്രിതലത്തിലും എന്തെങ്കിലും നിവേദനമോ ചർച്ചയോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അതിനു ശ്രമിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ കഴിഞ്ഞ ആഴ്ചയിലും മന്ത്രിതലത്തിലുള്ള നിവേദനങ്ങളും ചർച്ചകളും നടന്നിട്ടുണ്ട്.

ശ്രീ. പി.പി. എസ്തോസ്: ഇലക്ട്രോണിക് വാച്ചുനിർമ്മാണം എച്ച്.എം.ടി. നടത്താൻപോകുന്നതായി പത്രവാർത്ത ഉണ്ടായിരുന്നു. അതാണോ ഇലക്ട്രോണിക് കോർപ്പറേഷന്റെ ലൈസൻസ് പരിഗണനയിൽ എന്നു പറഞ്ഞ് വച്ചു നീട്ടുന്നതിനു കാരണം?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതാണു കാരണമെന്നു തോന്നുന്നില്ല. എച്ച്.എം.ടി.യുടെ സഹായത്തോടുകൂടിയുള്ള ഒരു വാച്ച് നിർമ്മാണശാല കാസർകോഡ് ആരംഭിച്ചിട്ടുണ്ട്. മറ്റു മേഖലകളിലാണ് ഇപ്പോഴം ലൈസൻസ് ചോദിച്ചുകൊണ്ടിരിക്കുന്നത്.

ശബരിമല വികസന പരിപാടി

* 781 [851] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് എത്ര ഏക്കർ ഭൂമി എവിടെ നിന്നെല്ലാം ദേവസ്വംബോർഡിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ നടപടികളം വൈകുന്നതിന്റെ കാരണങ്ങളം എന്തെല്ലാമാണ്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) ഇക്കാര്യത്തെക്കുറിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly